# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പോലീസ് മാനുവൽ പരിഷ്ക്കരണം</u>

1978 ശ്രീ. ഹൈബി ഈഡൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് മാനുവൽ കാലോചിതമായി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) കേസ്സന്വേഷണം, പ്രൊഫഷണലിസം എന്നീ കാര്യങ്ങളെ കുറിച്ചുള്ള പരിഷ്ക്കരണം മാനുവലിൽ വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പരിഷ്ക്കരണത്തിനായി എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>പോലീസ് കംപ്ലെയിന്റ് അതോറിറ്റി</u>

1979 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, കെ. ശിവദാസന്‍ നായര്‍
,, എം.എ. വാഹീദ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രവര്‍ത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) പ്രസ്തുത അതോറിറ്റിയുടെ അധികാരപരിധിയും അന്വേഷണ വിഷയങ്ങളും എന്തൊക്കെയാണ്;

(ഡി) പ്രസ്തുത അതോറിറ്റിക്ക് എന്തെല്ലാം അധികാരങ്ങളാണ് നല്‍കിയിട്ടുളളത്?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>നിരീക്ഷണ ക്യാമറ നെറ്റ്‌വർക്ക് സംവിധാനം</u>

1980 ശ്രീ. അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ നിരീക്ഷണ ക്യാമറ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത സംവിധാനം എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിലെ സിറ്റിസൺ ഹെൽപ്പ് ഡസ്ക്കുകൾ</u>

1981 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സിറ്റിസൺ ഹെൽപ്പ് ഡസ്ക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത് ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ ഹെൽപ്പ് ഡെസ്കുകൾ വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ഓപ്പറേഷൻ സ്വീപ്പ് പദ്ധതി</u>

1982 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് നടപ്പാക്കിയ 'ഓപ്പറേഷൻ സ്വീപ്പ്' പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട് വിശദാംശം നൽകുമോ;

(ബി) പൊതുസ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും ഏജൻസിയുടെയോ സ്ഥാപനങ്ങളുടെയോ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

ഭീകരവാദ ഭീഷണിയിൽ നിന്നും കേരളത്തെ രക്ഷിക്കുവാനുള്ള നടപടികൾ

1983 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലുമായി അതിർത്തി പങ്കുവയ്ക്കുന്ന ഒരു സംസ്ഥാനമെന്ന നിലയ്ക്ക് താലിബാൻ ഭീകരരുടെ ആക്രമണ സാധ്യതയെ സംബന്ധിച്ച് എന്തെങ്കിലും സൂചന ലഭിച്ചിട്ടുണ്ടോ;

(ബി) ഭീകരവാദ ഭീഷണിയിൽ നിന്നും കേരളത്തെ രക്ഷിക്കാനുള്ള എന്തെല്ലാം നടപടികൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കേരളത്തിലെ കോസ്റ്റ്ഗാർഡിനും പോലീസിനും എന്തെങ്കിലും ആധുനിക സംവിധാനങ്ങൾ നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് ; എന്തെല്ലാം സംവിധാനങ്ങൾ ;

(ഡി) അപ്രതീക്ഷിതമായ സംഭവങ്ങൾ ഉണ്ടായാൽ അതിനെ നേരിടുവാനുള്ള എന്തെല്ലാം മുൻകരുതലുകൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

## പോസ്റ്റ്മോർട്ടം നടപടികൾ

1984 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസ്വാഭാവിക മരണങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥന്മാർ നിർദ്ദേശിച്ചിട്ടും പോസ്റ്റ്മോർട്ടം നടത്താൻ താലൂക്ക് ആശുപത്രികളിലെ ഡോക്ടർമാർക്ക് വിസമ്മതം അറിയിക്കാൻ അവകാശം ഉണ്ടോ;

(ബി) എവിടെ പോസ്റ്റ് മോർട്ടം നടത്തണമെന്ന് തീരുമാനിക്കാനുള്ള അവകാശം അന്വേഷണ ഉദ്യോഗസ്ഥന്മാരിൽ നിന്ന് പിൻവലിച്ച് ഡോക്ടർമാരിൽ നിക്ഷിപ്തമാക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) മരണപ്പെട്ടവരുടെ ബന്ധുക്കളെ ഡോക്ടർമാർ അനാവശ്യമായി പീഡിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ഉന്നത പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിൽ സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ</u>

1985 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നതപോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യത്തിൽ സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്നതായി പരാതിയുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായി എന്തെങ്കിലും നടപടി ഹൈക്കോടതി മുൻപാകെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>പോലീസ് ആക്ടിലെ 46-ാം വകുപ്പിലെ 3-ാം ഉപവകുപ്പ്</u>

1986 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് അറസ്റ്റ് ചെയ്തു കസ്റ്റഡിയിൽ വെക്കുന്ന വ്യക്തിയുടെ ഉടുവസ്ത്രങ്ങൾ അഴിച്ചുവാങ്ങുന്ന രീതി ഇപ്പോഴും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പോലീസ് ആക്ടിലെ 46-ാം വകുപ്പിലെ 3-ാം ഉപവകുപ്പു പ്രകാരം അനുവദനീയമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇതു ലംഘിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഏതു തരത്തിലുള്ള നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**17.12.2012-ലെ മറുപടിക്ക്**

<u>പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ദുർവിനിയോഗം</u>

1987 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പോലീസ് വകുപ്പിൽ എത്ര വാഹനങ്ങൾ വാങ്ങി; ആയതിന്റെ ഫലമായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ പഴയതും നിലവിൽ കേടായതുമായ വാഹനങ്ങൾ ലേലം ചെയ്ത് നൽകാറുണ്ടോ; എങ്കിൽ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര വാഹനങ്ങൾ ലേലം ചെയ്തുവെന്നും എത്ര തുക ആയത്വഴി സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര പോലീസ് വാഹനങ്ങൾ കട്ടപ്പുറത്ത് ഉണ്ട്; സംസ്ഥാനത്തെ മന്ത്രിമാരുടെ എസ്കോർട്ടിനായി എത്ര വാഹനങ്ങൾ വിട്ടുനൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) പോലീസ് വകുപ്പിൽ ഏത് പദവിവരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് സ്വകാര്യ ആവശ്യത്തിനായി പോലീസ് വാഹനം ഉപയോഗിക്കാം; കൂടാതെ കുടുംബാംഗങ്ങൾക്ക് സ്വകാര്യ ആവശ്യത്തിന് പോലീസ് വാഹനം ഉപയോഗിക്കുവാൻ അനുമതിയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്;

(ഇ) പോലീസ് ഉദ്യോഗസ്ഥർ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ അധികാരമേറ്റതിനുശേഷം ഇത്തരത്തിൽ എത്ര പരാതികൾ കിട്ടി; പരാതിയുടെ അടിസ്ഥാനത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് പേരും, വഹിക്കുന്ന പദവി ഉൾപ്പെടെ വെളിപ്പെടുത്തുമോ;

**കേരള നിയമസഭ**
**17.12.2012-ലെ മറുപടിക്ക്**

(എഫ്) ഇപ്രകാരം പോലീസ് വാഹനങ്ങൾ ദുർവിനിയോഗം ചെയ്യുന്നവരെ കണ്ടെത്തുവാനും, പരിശോധിക്കാനും ചുമതലപ്പെടുത്തിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർ വഹിക്കുന്ന പദവിഉൾപ്പെടെ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പോലീസിൽ ഡ്രൈവർമാരുടെ അഭാവം</u>

1988 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ആവശ്യത്തിനു ഡ്രൈവർമാർ ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആവശ്യത്തിനു ഡ്രൈവർമാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**17.12.2012-ലെ മറുപടിക്ക്**

<u>ആഭ്യന്തര വകുപ്പിൽ ആശ്രിത നിയമനം</u>

1989 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷകൾക്കെല്ലാം നിയമനം നൽകുന്നതിനായി എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചിരുന്നു;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ആശ്രിത നിയമന ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് എന്നത്തേക്ക് നിയമന ഉത്തരവ് ലഭ്യമാക്കും എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

ഒരു വർഷത്തെ കർമ്മ പദ്ധതി

1990 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നവംബറിൽ ഒരു വർഷത്തെ കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികളിൽ ആഭ്യന്തര വകുപ്പിനുള്ള പദ്ധതികളെന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ സാധിക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(ഡി) നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

കുറ്റകൃത്യങ്ങളുടെ വർദ്ധനവ് നിയന്ത്രിക്കാൻ നടപടി

1991 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, മാത്യൂ റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് വ്യാപകമായ പിടിച്ചുപറി, മാലപൊട്ടിക്കൽ, സ്ത്രീകൾക്കെതിരെയുള്ള അക്രമം എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ ;

(സി) 2012–11 ലെയും 2011–12 ലെയും ഇതു സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സെവൻസ് ഫുട്ബാൾ ടൂർണ്ണമെന്റ്</u>

1992 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടക്കുന്ന സെവൻസ് ഫുട്ട്ബാൾ ടൂർണ്ണമെന്റുകളിൽ കളിക്കുന്നതിനായി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നടക്കമുളള വിദേശകളിക്കാർ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വിദേശകളിക്കാർക്ക് മതിയായ യാത്രാരേഖകൾ ഉണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കാമോ;

(സി) 2011 നവംബർ മുതൽ 2012 മെയ് വരെയുളള മാസങ്ങളിൽ എത്ര വിദേശകളിക്കാർ കേരളത്തിൽ വന്നുവെന്നും എത്രകാലം താമസിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ഈ വിദേശികൾക്ക് കേരളത്തിൽ എവിടെ താമസിക്കുന്നതിനാണ് അനുമതി നല്കിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ വിദേശകളിക്കാരിൽ ആരുടെയെങ്കിലും പേരിൽ എന്തെങ്കിലും ക്രിമിനൽ കുറ്റങ്ങൾ ചാർജ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കാമോ;

(എഫ്) യാത്രാനുമതിയും റസിഡൻഷ്യൽ പെർമിറ്റുമില്ലാതെ ഏതെങ്കിലും വിദേശകളിക്കാർ കേരളത്തിൽ വന്നിട്ടുണ്ടോ; ഇവരുടെ പേരിൽ എടുത്ത നടപടികൾ വിശദമാക്കാമോ;

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വിദ്യാർത്ഥി സമരത്തിന് നേരെ ലാത്തിചാർജ്

1993 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിദ്യാർത്ഥി സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കു നേരെ എത്ര ലാത്തിചാർജ്ജുകൾ നടന്നു;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; പ്രസ്തുത കേസ്സുകളുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>തഹസീൽദാർ നല്കുന്ന ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ</u>

1994 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടറിലെ ഡിജിറ്റൽ ഒപ്പിന് സാധൂകരണമില്ലെന്ന് കാണിച്ച് തഹസീൽദാർ നല്കുന്ന സർട്ടിഫിക്കറ്റുകൾ ആഭ്യന്തരവകുപ്പ് സാക്ഷ്യപ്പെടുത്തി നല്കാത്തതിനാൽ അപേക്ഷകർ പ്രത്യേകിച്ച് കണ്ണൂർ, പാലക്കാട് ജില്ലകളിലുള്ളവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

വാഹന പരിശോധന

1995 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര പോലീസ് സർക്കിൾ പരിധിയിലെ പോലീസ് വാഹന പരിശോധന നടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും എത്രയെണ്ണം കോടതിക്ക് റഫർ ചെയ്തു എന്നും എത്ര തുക ലഭിച്ചിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ;

(ബി) കേസുകളുടെ എണ്ണം, തുക, ഇരുചക്രവാഹനങ്ങൾ, മറ്റുവാഹനങ്ങൾ എന്നിവയുടെ എണ്ണം പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

ആഭ്യന്തര വകുപ്പ് ഈടാക്കുന്ന വിവിധയിനം പിഴകൾ

1996 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഹെൽമെറ്റ് ഉപയോഗിക്കാത്തതിന്റെ പേരിൽ എത്ര രൂപ പിഴയിനത്തിൽ ഈടാക്കി ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) സീറ്റ് ബൽറ്റ് ധരിക്കാത്തതിന്റെ പേരിൽ നാളിതുവരെ എത്ര രൂപ പിഴയിനത്തിൽ ഈടാക്കി ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) വാഹനത്തിന്റെ കൃത്യമായ രേഖകൾ ഹാജരാക്കാത്തതിന്റെ പേരിൽ എത്ര രൂപ പിഴയിനത്തിൽ ഈടാക്കി ; ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സൺഫിലിം വാഹനങ്ങളിൽ നിന്ന് നീക്കാത്തതിന്റെ പേരിൽ എത്ര രൂപ പിഴയിനത്തിൽ ഈടാക്കി ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചെടുത്ത വാഹനങ്ങളുടെ ലേലം നടന്നതുവഴി എത്ര രൂപ സമാഹരിക്കുവാൻ കഴിഞ്ഞു ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) മദ്യപിച്ച് വാഹനം ഓടിച്ച എത്ര പേരിൽ നിന്നും ഈ സർക്കാർ എന്ത് തുക പിഴയിനത്തിൽ ഈടാക്കി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

(ജി) പൊതു സ്ഥലങ്ങളിൽ പുകവലിച്ച എത്ര പേർക്കെതിരെ എന്ത് തുക പിഴയിനത്തിൽ ഈടാക്കി; ട്രാഫിക് നിയമം ലംഘിച്ച വകയിൽ എന്ത് തുക പിഴയിനത്തിൽ ഈടാക്കി; ജില്ല തിരിച്ച് വിശദമാക്കുമോ;

## കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

(എച്ച്) ഇപ്രകാരം പിഴയിടാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഏത് പദവി മുതൽ ഉള്ളവരായിരിക്കണമെന്നാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ഐ) ഇപ്രകാരം പിഴയടച്ച എത്ര പോലീസ് ഉദ്യോഗസ്ഥർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>അനധികൃത സ്ഫോടക വസ്തു കടത്ത് തടയാൻ നടപടി</u>

1997 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് സ്ഫോടക വസ്തുക്കൾ അനധികൃതമായി കടത്തുന്ന ഗുരുതരമായ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാറക്വാറികളിൽ ഉപയോഗിക്കാനെന്ന വ്യാജേനയുള്ള സ്ഫോട വസ്തുക്കളുടെ അനധികൃത കടത്തിനെ ലഘുവായികാണുന്നതുമൂലം ഉണ്ടായേക്കാവുന്ന ഗുരുതര പ്രത്യാഘാതങ്ങളെക്കുറിച്ച് പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അംഗീകൃത ക്വാറികളിലെ ഉപയോഗത്തിനുള്ള സ്ഫോടന വസ്തുക്കൾ സർക്കാർ നിയന്ത്രണത്തിൽ മാത്രം ലഭ്യമാക്കുകയും, അനധികൃത ക്വാറികളുടെ പ്രവർത്തനം കർശനമായി നിയന്ത്രിക്കുകയും ചെയ്യുമോ;

(ഡി) ക്വാറികളോട് ബന്ധപ്പെട്ട് നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ജയിലുകളിലെ വൈദ്യുതി സ്വയംപര്യാപ്തത

1998

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. റ്റി. ബൽറാം
,, വർക്കല കഹാർ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളെ വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിൽ ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ എല്ലാ ജയിലുകളിലേക്കും ഇത്തരം സംവിധാനം വ്യാപിപ്പിക്കുന്നതിന് നടപടി എടുക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

1999

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ട്രെയിനിൽ വച്ച് എത്ര യാത്രക്കാർക്കെതിരെ അക്രമം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ട്രെയിൻ യാത്രക്കാരുടെ സുരക്ഷയ്ക്കായി സംസ്ഥാന ഗവൺമെന്റ് എത്ര പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്ര വനിതാ പോലീസുകാരുണ്ട്;

(സി) യാത്രക്കാർക്കെതിരെയുള്ള അക്രമവും പീഡനവും കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത് കണക്കിലെടുത്ത് വനിതകൾ അടക്കമുള്ള കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ഗ്യാസ് ടാങ്കറുകൾ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ</u>

2000 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്യാസ് ടാങ്കറുകൾക്ക് എന്തെങ്കിലും സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ 2010–ൽ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പ്രകാരം എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>അനധികൃത തോക്ക് ലൈസൻസുകൾ വിതരണം</u>

2001 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ അനധികൃത തോക്ക് ലൈസൻസുകൾ വിതരണം ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര ലൈസൻസുകൾ വിതരണം ചെയ്തിട്ടുണ്ട് ; എത്രയെണ്ണം അനധികൃതമായി വിതരണം ചെയ്തതാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട് ;

(സി) അനധികൃത തോക്ക് ലൈസൻസുകൾ വർദ്ധിക്കുന്നത് തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) അനധികൃതമായി തോക്ക് ലൈസൻസുകൾ വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; എത്ര ലൈസൻസുകൾ വ്യാജമെന്ന് കണ്ട് റദ്ദു ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

മയക്കുമരുന്ന് സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി

2002 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ 'ബൈപ്പാസ് സംഘം' എന്നറിയപ്പെടുന്ന മയക്കുമരുന്നു സംഘത്തിന്റെ പ്രവർത്തനം വ്യാപകമാകുന്നു എന്ന മാധ്യമവാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘത്തെ അമർച്ച ചെയ്യാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കോളേജ് വിദ്യാർത്ഥികൾക്കു മയക്കുമരുന്നു വിൽക്കുന്ന പ്രസ്തുത സംഘത്തിനെതിരെ നടപടിയെടുക്കുന്നതിൽ പോലീസ് നിഷ്ക്രിയത്വം പാലിക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

അഴിമതി തടയുന്നതിന് നടപടി

2003 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''അഴിമതി ഇത്രയേറെ വ്യാപകമായ ഒരു കാലഘട്ടം മുമ്പുണ്ടായിട്ടില്ലെന്ന്'' ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അഴിമതി വ്യാപകമാകാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഭരണ സംവിധാനത്തിൽ ഏത് തലത്തിലാണ് അഴിമതി വ്യാപിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അഴിമതി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എതെല്ലാം വിജിലൻസ് കോടതികൾ, എത്ര ക്രമക്കേടുകളും, അഴിമതികളും സംബന്ധിച്ച് പരാതികൾ അന്വേഷിക്കാനായി നിർദ്ദേശിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

പട്ടാളം, പോലീസ് വിഭാഗങ്ങളുടെ യൂണിഫോമിന് സമാനമായ വേഷം ധരിച്ച് പ്രകടനം നടത്തുന്നതിനെതിരെ നടപടി

2004 ശ്രീ. എൻ. എ നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടാളം, പോലീസ് വിഭാഗങ്ങളുടെ യൂണിഫോമിന് സമാനമായ വേഷം ധരിക്കുന്നതും പ്രകടനം നടത്തുന്നതും കുറ്റകരമാക്കിയിട്ടുണ്ടോ; എങ്കിൽ നിയമത്തിലെ ഏത് വകുപ്പു പ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് അത്തരം നടപടിക്കെതിരെ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>പത്മനാഭപുരം പാലസിന്റെ പോലീസ് സംരക്ഷണം</u>

2005 ശ്രീമതി. കെ.കെ ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്മനാഭപുരം പാലസിന്റെ പോലീസ് സംരക്ഷണത്തിനായി പോലീസ് സേനാംഗങ്ങളുടെ സേവനം നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എത്ര പോലീസ് ഓഫീസർമാരുടെ സേവനം നൽകി വരുന്നുണ്ടെന്നും അവർ ഏതെല്ലാം തസ്തികയിൽ ഉൾപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പോലീസ് ഓഫീസർമാരുടെ സേവനം പത്മനാഭപുരം പാലസിൽ നൽകുന്നത് സംബന്ധിച്ച് തമിഴ്നാടുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ പകർപ്പ്, ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ എന്നിവ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

അനധികൃതമായ വാഹന പാർക്കിംഗ് നിയന്ത്രണ നടപടി

2006 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുസൈഡിലെ അനധികൃതമായ വാഹന പാർക്കിംഗ് മൂലം നിരന്തരമായി ഉണ്ടാകാറുള്ള അപകടങ്ങൾ, ട്രാഫിക് തടസ്സങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അനധികൃത പാർക്കിംഗ് തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) റോഡിന്റെ വശങ്ങളിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നവരിൽ നിന്നും പിഴ ഈടാക്കാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നവർക്ക് കർശനമായ ശിക്ഷാനടപടികൾ ഏർപ്പെടുത്തി, അപകടങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വർഗ്ഗീയ സ്വഭാവമുള്ള കേസുകളും തീവ്രവാദ സ്വഭാവമുള്ള കേസുകളും</u>

2007 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു വരെ സംസ്ഥാനത്ത് എത്രവീതം വർഗ്ഗീയ സ്വഭാവമുള്ള കേസുകളും തീവ്രവാദ സ്വഭാവമുള്ള കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘർഷങ്ങളുണ്ടായെന്നും അവയിൽ എത്രപേർ കൊല്ലപ്പെട്ടുവെന്നും എത്രപേർക്ക് പരിക്കേറ്റുവെന്നും ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സാമുദായിക ബന്ധങ്ങൾ മോശമാകുന്ന സാഹചര്യങ്ങൾ</u>

2008 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങളിൽ സമുദായങ്ങൾ തമ്മിലുള്ള ബന്ധം ആശങ്കയുളവാക്കുന്ന വിധം മോശമാവുകയുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ സാമുദായിക ബന്ധങ്ങൾ മോശമാകാനുണ്ടായ സാഹചര്യമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പരിശോധനയിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കാര്യക്ഷമമായ നിയമനടത്തിപ്പ്</u>

2009 ശ്രീ. പി. ബി. അബ്ദുൾ റസാക്
'' വി. എം. ഉമ്മർ മാസ്റ്റർ
'' കെ.എം. ഷാജി
'' കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടും പോലീസിന്റെ സേവനം ഉദ്ദേശിച്ച രീതിയിൽ ജനങ്ങൾക്ക് ലഭ്യമാകാതിരിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരമൊരു വിശകലനം നടത്തുമോ;

(ബി) ബഹു: സുപ്രീം കോടതിയുടെ ഇടപെടലുണ്ടായിട്ടും നിലവിലെ നിയമങ്ങൾ പ്രത്യേകിച്ച് റോഡ്, വാഹന നിയമങ്ങൾ പഴുതുകളില്ലാതെ നടപ്പാക്കാനാവുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) നിയമ നടത്തിപ്പ് കാര്യക്ഷമവും നിഷ്പക്ഷവുമാക്കുന്നതിന് സഹായകരമാവുന്ന വിധത്തിലുള്ള സാഹചര്യം സൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>അന്വേഷണ ഉദ്യോഗസ്ഥരുടെയും സാക്ഷികളുടെയും സംരക്ഷണം</u>

2010 ശ്രീ. കെ. അച്ചുതൻ
''വി. ടി. ബലറാം
''വി. പി. സജീന്ദ്രൻ
''പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേസന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർക്കും സാക്ഷികൾക്കും സംരക്ഷണം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നിയമ നിർമ്മാണം നടത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവർക്ക് സംരക്ഷണം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സദാചാര പോലീസ്</u>

2011 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സദാചാര പോലീസ് ചമഞ്ഞ് സംസ്ഥാനത്ത് എത്ര അക്രമങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര കേസുകൾ ചാർജ് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) കോടതിയിൽ കുറ്റപത്രം സമർപ്പിച്ച എത്ര കേസുകൾ ഉണ്ട്;

(സി) പ്രസ്തുത കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) ഇത്തരം കേസുകൾ കൈകാര്യം ചെയ്യാൻ അതിവേഗ കോടതികൾ സ്ഥാപിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സദാചാര പോലീസ് അതിക്രമങ്ങൾ</u>

2012 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര സദാചാര പോലീസ് അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഇതിൽ എത്ര പ്രതികളെ അറസ്റ്റ് ചെയ്തെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് സദാചാര പോലീസ് അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെ നേരിടാൻ ശക്തമായ നടപടി സ്വീകരിക്കുമോ ; ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ശ്രീമതി സുനന്ദ പുഷ്കറിനെ അപമാനിക്കാൻ ശ്രമിച്ച സംഭവം</u>

2013 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എം. ഹംസ
,, പി. റ്റി. എ. റഹീം
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രമന്ത്രി ശ്രീ. ശശി തരൂരിന് കോൺഗ്രസ് പ്രവർത്തകർ തിരുവനന്തപുരം എയർപോർട്ടിൽ നൽകിയ സ്വീകരണത്തിനിടെ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി.സുനന്ദ പുഷ്കറിനോട് അപമര്യാദയായി പെരുമാറുവാനും അപമാനിക്കാനും ശ്രമിച്ചവർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരം ഏത് സ്റ്റേഷനിൽ ഏത് ക്രൈം നമ്പറിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ദേശീയ ശ്രദ്ധയാകർഷിച്ച ഈ സംഭവത്തിൽ കുറ്റവാളികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) ടെലിവിഷൻ ദൃശ്യങ്ങളിൽ നിന്നും ഇതിന് കാരണക്കാരായവരെ കണ്ടെത്താൻ കഴിയുമായിരുന്നുവോ; എങ്കിൽ കണ്ടെത്തുകയുണ്ടായോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) കേന്ദ്ര സഹമന്ത്രിയുടെ ഭാര്യയെ എയർപോർട്ടിൽ അപമാനിച്ച സംഭവത്തിൽ പോലീസ് സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>സ്ത്രീകളെയും കുട്ടികളെയും വികലാംഗരെയും സ്റ്റേഷനുകളിലേക്ക് വിളിപ്പിക്കുന്ന നടപടി</u>

2014 ശ്രീ. വി. ചെന്താമരാക്ഷൻ
'' എസ്. രാജേന്ദ്രൻ
'' സി.കെ. സദാശിവൻ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേസ് അന്വേഷണത്തിന്റെ ഭാഗമായി സ്ത്രീകളെയും കുട്ടികളെയും വികലാംഗരെയും സ്റ്റേഷനുകളിലേക്ക് വിളിപ്പിക്കുന്നത് നിയമാനുസൃതമാണോ ; ഇക്കാര്യത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ സെക്ഷൻ 160 കർശനമായി പാലിക്കണമെന്ന കാര്യത്തിൻമേൽ നിലപാട് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) സ്ത്രീകളുടെയും 15 വയസ്സിനു താഴെയുള്ള കുട്ടികളുടെയും വികലാംഗരുടെയും മൊഴി അവരുടെ താമസ സ്ഥലത്ത് പോയി രേഖപ്പെടുത്തുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകളിൽ സ്ത്രീകളെയും 15 വയസ്സിന് താഴെയുള്ള കുട്ടികളെയും വികലാംഗരെയും പോലീസ് സ്റ്റേഷനുകളിൽ വരുത്തി മൊഴി എടുക്കുകയുണ്ടായി ; ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ

2015 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ.കെ. ലതിക
'' പി. അയിഷാ പോറ്റി
'' കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കാതെ സ്വാതന്ത്ര്യവും അവകാശങ്ങളും അനുഭവിക്കുവാൻ കഴിയാതെ സ്ത്രീകൾ പീഡിപ്പിക്കപ്പെടുകയും ഭയാശങ്കയിലകപ്പെടുകയും ചെയ്ത അവസ്ഥയിൽ മാറ്റം വരുത്താനുള്ള നടപടികൾക്ക് സർക്കാർ തയ്യാറാകുമോ ;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച കഴിഞ്ഞ രണ്ടു വർഷത്തെ ലഭ്യമായ കണക്കുകൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

2016 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ബസ്സ്സ്റ്റാന്റ്, നടപ്പാതകൾ, ട്രയിൻ, ബസ്സുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽ സ്ത്രീകളെ അപമാനിക്കാൻ ശ്രമിച്ചവർക്കെതിരെ പോലീസ് സ്വമേധയും പരാതികളെ തുടർന്നും എടുത്ത കേസുകൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) എയർപോർട്ടുകളിലും പരിസരത്തും വച്ച് സ്ത്രീകളെ അപമാനിക്കാൻ ശ്രമിച്ച കേസുകൾ എത്ര;

(സി) കേന്ദ്രമന്ത്രി ശശി തരൂരിന്റെ ഭാര്യ സുനന്ദപുഷ്കറിനെ തിരുവനന്തപുരം എയർപോർട്ടിൽ സ്വീകരിക്കാൻ എത്തിയ കോൺഗ്രസുകാരിൽ ഒരു സംഘം പരസ്യമായി ദേഹോപദ്രവം ചെയ്ത് അപമാനിക്കാൻ ശ്രമിച്ചതിനെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>കേരളത്തിലെ അതിക്രമങ്ങൾ</u>

2017 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിന് ശേഷം കേരളത്തിൽ നടന്ന വെടിവയ്പുകളുടെ എണ്ണം എത്ര; അതിൽ പരിക്കു പറ്റിയവർ എത്ര; എത്ര പേർക്ക് മരണം സംഭവിച്ചു;

(ബി) സ്ത്രീപീഡനക്കേസുകളിൽ എത്ര പേർ പ്രതികളായി;

(സി) സ്ത്രീകളെ തട്ടിക്കൊണ്ടുപോയ കേസുകളിൽ എത്ര പേർ പ്രതികളാണ്; അറസ്റ്റ് ചെയ്യപ്പെടാത്ത പ്രതികൾ എത്ര;

(ഡി) തട്ടിക്കൊണ്ടുപോയ സ്ത്രീകളെ കണ്ടെത്താൻ കഴിയാത്ത എത്ര കേസുകൾ;

(ഇ) ഈ കാലയളവിൽ എത്ര ആരാധനാലയങ്ങളിൽ അക്രമം നടന്നു; ഓരോ സമുദായത്തിന്റേയും എത്ര ആരാധനാലയങ്ങൾ ആക്രമിക്കപ്പെട്ട എത്ര കേസുകൾ എടുത്തു; ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ വേർതിരിച്ച് വെളിപ്പെടുത്താമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ലാത്തി ചാർജുകൾ നടന്നു; എവിടെയെല്ലാം; എത്ര പേർക്ക് പരിക്കുപറ്റി;

(ജി) മാറാട് കലാപത്തെ സംബന്ധിച്ച് പോലീസിന്റെ പ്രത്യേക അന്വേഷണത്തെ നിയോഗിച്ചിരുന്നുവോ; അന്വേഷണ പുരോഗതി വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച അന്വേഷണം നിറുത്തിവയ്ക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

2018 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം കുട്ടികൾക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു തൊട്ടു മുൻവർഷം ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു ?

## കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

2019

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ കഴിഞ്ഞ പത്തുവർഷക്കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇതിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നതിന്റെ ജില്ലാതല വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ മൂലമുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ</u>

2020 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ മൂലമുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ ;

(ബി) ഇത്തരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ് അനുശാസിക്കുന്ന നിയമപരിരക്ഷ അന്യസംസ്ഥാന തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിലെ സ്ക്കൂളുകളിൽ എസ്. പി. സി.(സ്റ്റുഡന്റ് പോലീസ് കേഡറ്റ്) സംവിധാനം ആരംഭിക്കൽ**

2021 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ ഏതെല്ലാം സ്ക്കൂളുകളിൽ എസ്. പി. സി സംവിധാനം പുതുതായി ആരംഭിക്കുന്നുണ്ട്; അവയിൽ ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്ക്കൂളുകൾ ഉൾപ്പെടുന്നുണ്ട്; വിശദാംശം ലഭിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരാതിപ്പെട്ടികൾ</u>

2022 ശ്രീ. കെ. മുരളീധരൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിന് ആഭ്യന്തര വകുപ്പ് പദ്ധതിയിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ലഭിക്കുന്ന പരാതികളിൽ പരിഹാരം കാണുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>പ്രകൃതി ദുരന്തങ്ങൾ</u>

2023 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള അത്യാഹിതങ്ങൾ നേരിടുമ്പോൾ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനായി രൂപീകരിക്കുമെന്നറിയിച്ചിരുന്ന സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയോ ;

(ബി) എത്ര അംഗങ്ങളെയാണ് ഇതിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ എന്നാരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ?

## കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>രാഷ്ട്രീയ നേതാക്കൾ പൊതുയോഗങ്ങളിൽ നടത്തുന്ന പ്രസംഗങ്ങളിലെ പരാമർശങ്ങളെ അടിസ്ഥാനമാക്കി എടുക്കുന്ന ക്രിമിനൽ കേസുകൾ</u>

2024 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ നേതാക്കൾ പൊതുയോഗങ്ങളിൽ നടത്തുന്ന പ്രസംഗങ്ങളിലെ പരാമർശങ്ങളെ അടിസ്ഥാനമാക്കി ക്രിമിനൽ കേസുകൾ എടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം എടുത്ത കേസുകൾ/അറസ്റ്റുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) കണ്ണൂർ എം.പി. കെ. സുധാകരൻ, ബഷീർ, എം.എൽ.എ. എന്നിവർ നടത്തിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അറസ്റ്റ് നടത്തിയിട്ടുണ്ടോ;

(ഡി) രാഷ്ട്രീയ മുതലെടുപ്പിന് വേണ്ടി പോലീസിനെയും നിയമ സംവിധാനങ്ങളെയും ദുരുപയോഗം ചെയ്തുകൊണ്ട് രാഷ്ട്രീയ എതിരാളികൾക്കെതിരെ മാത്രം കേസ് എടുക്കുന്നതും തിടുക്കത്തിൽ അറസ്റ്റ് ചെയ്യുന്നതുമായ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം പ്രവണതകൾ അവസാനിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>വളപ്പട്ടണം പോലീസ് സ്റ്റേഷനിൽ അതിക്രമം</u>

2025 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളപ്പട്ടണം പോലീസ് സ്റ്റേഷനിൽ കണ്ണൂർ എം. പി. ശ്രീ. സുധാകരൻ കടന്നുകയറി ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതെപ്പോഴാണ് എന്ന് വ്യക്തമാക്കാമോ; എം. പി. യുടെ ഈ നടപടികൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; പോലീസ് സുധാകരനെതിരെ കേസെടുത്തിട്ടുണ്ടോ; കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) വളപ്പട്ടണം പോലീസ് സ്റ്റേഷനിൽ പോലീസ് കസ്റ്റഡിയിലെടുത്ത സമദ്, ഹമീദ് എന്നിവരുടെ പേരിൽ ചാർജ് ചെയ്തിട്ടുള്ള കേസുകൾ ഏതെല്ലാം എന്നത് വ്യക്തമാക്കാമോ;

(സി) മണൽ കടത്ത് കേസിലും പോലീസ് ഉദ്യോഗസ്ഥരെ ലോറി കയറ്റി കൊലപ്പെടുത്താൻ ശ്രമിച്ചതിനും ഇവരുടെ പേരിൽ കേസുണ്ടോ; എങ്കിൽ അത് വധശ്രമം ഉൾപ്പെടെയുള്ള വകുപ്പുകളിൽ ആണോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത വ്യക്തി ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുള്ള പ്രതികളെ അന്വേഷിച്ച് പോലീസ് സ്റ്റേഷനിൽ വന്നവർ ആരെല്ലാം എന്നത് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കേസിൽ പോലീസ് കസ്റ്റഡിയിലെടുത്ത ലോറിയുടെ ഉടമസ്ഥർ ആര് എന്നത് പോലീസ് അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

**കേരള നിയമസഭ**
**17.12.2012–ലെ മറുപടിക്ക്**

(എഫ്) ഈ സംഭവത്തിൽ ഐ.ജി.യുടെ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത സംഭവത്തിൽ പോലീസിന്റെ ഭാഗത്ത് വീഴ്ച യില്ലെന്ന് ഐ.ജി. യുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയി ട്ടുണ്ടോ?

**കേരള നിയമസഭ**
**17.12.2012-ലെ മറുപടിക്ക്**

<u>വളപട്ടണം സംഭവം</u>

2026 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളപട്ടണം പോലീസ് സ്റ്റേഷനിൽ, പോലീസിന്റെ കൃത്യ നിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് യൂത്ത് കോൺഗ്രസ്സ് നേതാവിനെ സ്റ്റേഷനിൽ നിന്നും മോചിപ്പിച്ച് കൊണ്ടുപോയതിന് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസിലെ പ്രതികൾ ആരൊക്കെയാണ്;

(സി) സ്റ്റേഷനിൽ നിന്നും സ്ഥലം എം.പി. യുടെ നേതൃത്വത്തിൽ മോചിപ്പിച്ചുകൊണ്ടുപോയ യൂത്ത് കോൺഗ്രസ്സ് നേതാവ് ആരാണ്; ഇദ്ദേഹത്തിന്റെ പേരിൽ പോലീസ് ചുമത്തിയ കുറ്റം എന്തായിരുന്നു;

(ഡി) മണൽക്കള്ളക്കടത്ത് തടഞ്ഞ വളപട്ടണം പോലീസ് നടപടിക്ക് നേതൃത്വം നൽകിയ പോലീസ് ആഫീസർ ആരായിരുന്നു; പോലീസ് നടപടിക്കെതിരെ സ്ഥലം എം.പി. സ്വീകരിച്ച നിലപാട് എന്തായിരുന്നു;

(ഇ) പോലീസിനെ ഭീഷണിപ്പെടുത്തിയ യൂത്ത് കോൺഗ്രസ്സ് നേതാവിനെതിരെ പോലീസ് എടുത്തതുൾപ്പെടെയുള്ള കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ;

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

**കെ. സുധാകരൻ എം.പി. പ്രതിയെ മോചിപ്പിച്ചുകൊണ്ടുപോയ സംഭവം**

2027 ശ്രീ. എം. ഹംസ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽ കള്ളക്കടത്തുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിൽ എടുത്തയാളെ വളപട്ടണം സ്റ്റേഷനിലെത്തിയ കെ. സുധാകരൻ എം.പി. ഉൾപ്പെടെയുള്ള ഒരു സംഘം ആളുകൾ മോചിപ്പിച്ചു കൊണ്ടുപോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദൃശ്യ–പത്ര മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുള്ള പ്രസ്തുത സംഭവത്തിൽ നിയമവിരുദ്ധമായി പ്രവർത്തിച്ചവരെ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; അന്വേഷണ റിപ്പോർട്ടിലെ വസ്തുതകൾ വിശദമാക്കുമോ ;

(സി) പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ തടസ്സം സൃഷ്ടിച്ച ആർക്കെല്ലാം എതിരായിട്ടാണ് കേസ്സെടുത്തിരിക്കുന്നത് ?

## കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

കെ. സുധാകരൻ എം.പി.യുടെ പ്രസംഗം

2028 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ജഡ്ജി കോഴവാങ്ങുന്നത് കണ്ടുവെന്ന പാർലമെന്റംഗം ശ്രീ. കെ. സുധാകരന്റെ പ്രസംഗത്തെത്തുടർന്നുണ്ടായ കേസിൽ തിരുവനന്തപുരം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി നാല് തവണ നിർദ്ദേശിച്ചിട്ടും പോലീസ് റിപ്പോർട്ട് സമർപ്പിക്കാതിരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ് കോടതി പരിഗണിച്ചപ്പോൾ അന്വേഷണ ഉദ്യോഗസ്ഥരും സർക്കാർ അഭിഭാഷകനും വിട്ടുനിന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രതിയുടെ അഭിഭാഷകൻ വരുന്നതിന് പോലീസും പ്രോസിക്യൂഷനും സാവകാശം ചോദിച്ച നടപടി ഈ കേസിന്റെ പരിഗണനാവേളയിലുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ നടപടി സ്വീകരിച്ചതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>വളപട്ടണം പോലീസ് സ്റ്റേഷൻ സംഭവം</u>

2029 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനിൽ മണൽ മാഫിയ സംഘത്തിലെ ചിലരെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട് കണ്ണൂർ എം.പി ശ്രീ. കെ. സുധാകരനും വളപട്ടണം എസ്.ഐ യുമായി സ്റ്റേഷനകത്ത് ചില പ്രശ്നങ്ങൾ ഉണ്ടായസംഭവത്തിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേസുകളുടെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

എ. ആർ. ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥന് മർദ്ദനമേറ്റ സംഭവം

2030 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ. ആർ. ക്യാമ്പിലെ ബിജു എന്ന പോലീസ് ഉദ്യോഗസ്ഥന് യൂത്ത് കോൺഗ്രസ്സുകാരിൽ നിന്നും മർദ്ദനമേൽക്കേണ്ടി വന്ന സംഭവത്തിൽ പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ്സെടുത്തിരിക്കുന്നത്;

(സി) സംഭവത്തിൽ എത്ര പേർ പ്രതികളായിട്ടുണ്ട്; ആരൊക്കെയാണ് പ്രതികൾ ;

(ഡി) ഏതൊക്കെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

**ഡ്യൂട്ടിനോക്കുന്നതിനിടെ പോലീസുകാർ കൊല്ലപ്പെട്ട സംഭവങ്ങൾ**

2031 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഡ്യൂട്ടിനോക്കുന്നതിനിടെ പോലീസുകാർ കൊല്ലപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംഭവങ്ങളിലെല്ലാം കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എത്രകേസുകളിൽ പ്രതികളെ പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വളപ്പട്ടണം എസ്.ഐ.യെ സ്റ്റേഷനിൽ കയറി ഭീഷണിപ്പെടുത്തിയതിനെതിരെ നടപടി

2032 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളപ്പട്ടണം എസ്.ഐ.യെ ഡ്യൂട്ടി സമയത്ത് ശ്രീ. കെ. സുധാകരൻ എം.പി. സ്റ്റേഷനിൽ കയറി ഭീഷണിപ്പെടുത്തുകയും ഡ്യൂട്ടി തടസ്സപ്പെടുത്തുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രീ. കെ. സുധാകരൻ. എം.പി യ്ക്കതിരെ സ്വീകരിച്ച നടപടിയുടെ വിശദവിവരം നൽകുമോ ;

(സി) രജിസ്റ്റർ ചെയ്യപ്പെട്ട കേസിന്റെയും എഫ്.ഐ.ആർ-ന്റേയും വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കണ്ണൂരിലെ കോൺഗ്രസ്സ് നേതാവ് പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തൽ</u>

2033 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ കോൺഗ്രസ്സ് നേതാവ് പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലയിൽ നടന്ന താൻകൂടി പ്രതിചേർക്കപ്പെട്ട കേസുകൾ ഉൾപ്പെടെ നിരവധി അക്രമണ സംഭവങ്ങളുടെ ഗൂഢാലോചനകളുടെ സൂത്രധാരനും, നേതൃത്വവും കണ്ണൂർ പാർലമെന്റംഗം സുധാകരനാണെന്ന പ്രശാന്ത് ബാബുവിന്റെ കുറ്റസമ്മതമൊഴി പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ കേസ് റജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തുന്നുണ്ടോ;

(ഡി) ഏതൊക്കെ വകുപ്പുകൾ ഉൾക്കൊള്ളിച്ചാണ് കേസ് റജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഇതിൽ പുതുതായി ആരെയൊക്കെ പ്രതിചേർത്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>രാംസുധൻഝായെ മർദ്ദിച്ച സംഭവം</u>

2034 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഗസ്ത് മാസത്തിൽ നടന്ന ബാങ്ക് പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തൊഴിലാളികൾ തിരുവനന്തപുരത്ത് നടത്തിയ പ്രകടനത്തിൽ പങ്കെടുക്കവേ, വർഷങ്ങളായി തലസ്ഥാനത്ത് ജോലി ചെയ്യുന്ന രാംസുധൻ ഝാ എന്ന അന്യസംസ്ഥാന തൊഴിലാളിയെ എ. എസ്. ഐ പിടിച്ചുകൊണ്ടുപോയി 6 മണിക്കൂറിലേറെ മർദ്ദിച്ചതായി പറയുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയുണ്ടായോ;

(ബി) പ്രസ്തുത സംഭവത്തിൽ എ. എസ്. ഐ. യ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എ.എസ്.ഐ.യിൽ നിന്നും വിശദീകരണം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പോങ്ങൻഭാര്യ തങ്കമ്മ മർദ്ദനമേറ്റ സംഭവം</u>

2035 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്ത് കൈപ്പരുളി കരയിൽ പള്ളിമാലി പോങ്ങൻ ഭാര്യ നെല്ലക്കിളി എന്ന തങ്കമ്മ, മകൻ മർദ്ദിച്ചതായി കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ 12.11.2012-ന് പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിയിലും പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടറുടെ റിപ്പോർട്ടിന്മേലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) മർദ്ദനം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; കേസ് നമ്പർ, പ്രതി, പ്രതിയെ അറസ്റ്റ് ചെയ്ത തീയതി, കേസിന്റെ വകുപ്പുകൾ, സാക്ഷികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പട്ടികജാതിക്കാരിയായ തങ്കമ്മയെ മർദ്ദിച്ച പ്രതിയെ അറസ്റ്റു ചെയ്യുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണമെന്താണ് ; വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

നൂറനൂട് സി. ബി. എം. സ്‌ക്കൂളിൽ പെൺകുട്ടിയെ തട്ടികൊണ്ടുപോകാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട പരാതി

2036 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനൂട് സി. ബി. എം. സ്‌ക്കൂളിൽ പെൺകുട്ടിയെ തട്ടികൊണ്ടുപോകാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിന്മേൽ എത്രയാളുകൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്;

(സി) തട്ടിക്കൊണ്ടുപോകുവാനുപയോഗിച്ച വാഹനം പോലീസ് വിട്ടുകൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസ്സിൽ എത്ര കുറ്റക്കാരെ പിടികൂടാനുണ്ട്?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പാങ്ങോട് സഹകരണ സംഘത്തിലെ കവർച്ച</u>

2037 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടപ്പഴഞ്ഞി പാങ്ങോട് റസിഡന്റ്സ് സഹകരണ സംഘത്തിൽ നിന്നും 291 പവൻ സ്വർണ്ണവും ഒന്നേകാൽ ലക്ഷം രൂപയും കവർച്ച ചെയ്യപ്പെട്ട സംഭവത്തിൽ പ്രതികള പിടികൂടാൻ സാധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സഹകരണ സംഘത്തിൽ ലോക്കറും ആവശ്യമായ സുരക്ഷാ സംവിധാനങ്ങളും ഉണ്ടായിരുന്നോ ;

(സി) കേസന്വേഷണം മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

വിസ തട്ടിപ്പ്

2038 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുവൈറ്റിൽ നഴ്സിംഗ് ജോലിക്ക് വിസ നൽകാമെന്നു വിശ്വസിപ്പിച്ച് കൊല്ലം ആയൂർ സ്വദേശി യൂസഫ് കുഞ്ഞ് ജമാലുദ്ദീൻ എന്നയാൾ പെരുമ്പാവൂരിലെ അജി ചെറിയാൻ ഉൾപ്പെടെ ഇരുപതോളം പേരെ കബളിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വിസ തട്ടിപ്പിന് ഇരയായവർക്ക് നഷ്ടപ്പെട്ട 1,32,00,000 രൂപ തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; പ്രതികൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുക;

(സി) കേസന്വേഷണം ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ബ്രഹ്മപുരം ഡീസല്‍ നിലയം അഴിമതി – വിജിലന്‍സ് അന്വേഷണം

2039 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബ്രഹ്മപുരം ഡീസല്‍ നിലയം അഴിമതി – വിജിലന്‍സ് അന്വേഷം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) അന്വേഷണ സംഘം നിലവില്‍ പ്രവൃത്തിച്ച് വരുന്നുണ്ടോ; അല്ലെങ്കില്‍ കാരണം വെളിപ്പെടുത്താമോ;

(സി) കേസില്‍ ഉള്‍പ്പെട്ട സിവില്‍ സര്‍വ്വീസ് ഉദ്യോഗസ്ഥരെ വിചാരണ ചെയ്യാനുള്ള അനുമതി കേന്ദ്ര സര്‍ക്കാരില്‍ നിന്ന് ലഭിച്ചത് എപ്പോഴായിരുന്നു;

(ഡി) ഡീസല്‍ നിലയവുമായി ബന്ധപ്പെട്ട് ക്രമക്കേടുകള്‍ സംബന്ധിച്ച് അന്വേഷിച്ച ജസ്റ്റിസ് ഭാസ്ക്കരന്‍ നമ്പ്യാര്‍ കമ്മീഷന്‍ ശുപാര്‍ശകള്‍ എന്തെല്ലാമായിരുന്നു; എ. ജി. കണക്കാക്കിയ നഷ്ടം എത്ര; വിജിലന്‍സ് സംഘം എന്തെല്ലാം കാര്യങ്ങളില്‍ അന്വേഷണം നടത്തുകയുണ്ടായി;

(ഇ) ആരോപണ വിധേയമായ ബ്രഹ്മപുരം പദ്ധതി നടപ്പിലാക്കുമ്പോള്‍ ഇലക്ട്രിസിറ്റി, ധനകാര്യ വകുപ്പ് മന്ത്രിമാര്‍ ആരൊക്കെയായിരുന്നു?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ഭാരത് സേവക് സമാജിന്റെ പേരിൽ നടന്ന തട്ടിപ്പുകൾ</u>

2040 ശ്രീ. ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭാരത് സേവക് സമാജിന്റെ പേരിൽ സംസ്ഥാനത്ത് നടന്നതായി ആരോപിക്കപ്പെട്ട തട്ടിപ്പുകളെ സംബന്ധിച്ച പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) ക്രൈം ബ്രാഞ്ചും വിജിലൻസും നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ചും അതിനു നേതൃത്വം നൽകിയവരെ കുറിച്ചും വിശദമാക്കാമോ ; ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യമാണെന്ന് ശുപാർശ ഉണ്ടായിരുന്നുവോ ;

(സി) തട്ടിപ്പുകൾക്ക് നേതൃത്വം നൽകിയതായി കണ്ടെത്തിയ വ്യക്തി ഇപ്പോൾ ജനശ്രീ മിഷന്റെ ഡയറക്ടറായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത വ്യക്തി ഡയറക്ടറായി പ്രവർത്തിക്കുന്ന ജനശ്രീ മിഷന് സർക്കാർ പണം അനുവദിക്കാനിടയായിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കുറ്റിമുല്ല കൃഷി തട്ടിപ്പ്</u>

2041 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റിമുല്ല കൃഷി നടത്തിപ്പ് സംബന്ധിച്ച് കുറ്റ്യാടി പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണെന്നും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) തട്ടിപ്പിനിരയായ സ്ത്രീകൾക്ക് എന്തെങ്കിലും നഷ്ടപരിഹാരം പ്രതികൾ നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>നായകൾക്ക് മുറിവേറ്റ സംഭവം</u>

2042 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നായകൾക്ക് മാരകായുധങ്ങൾകൊണ്ട് വെട്ടേൽക്കുന്നതിനു പിന്നിൽ തീവ്രവാദ സംഘങ്ങൾക്ക് പങ്കുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പിടിച്ചെടുത്ത വാഹനങ്ങൾ</u>

2043 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. കെ. വിജയൻ
,, വി. ശശി
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ കേസ്സുകളിൽ തൊണ്ടിയായും അല്ലാതെയും പിടിച്ചെടുത്ത എത്ര വാഹനങ്ങൾ ഇപ്പോൾ പോലീസ് കസ്റ്റഡിയിലുണ്ട്;

(ബി) ഓരോ ഇനത്തിലുംപ്പെട്ട വാഹനങ്ങൾ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസ് വകുപ്പ് പിടിച്ചെടുത്ത വാഹനങ്ങൾ കസ്റ്റഡിയിൽ നിന്നും അപ്രത്യക്ഷമാകാറുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇത്തരം വാഹനങ്ങൾ യഥാസമയം മുതൽക്കൂട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം</u>

2044 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച് എത്ര കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഓരോ ജില്ലയിലും എത്രവീതം കേസുകൾ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമ കേസുകളിൽ ദുരിതമനുഭവിച്ച എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്രപേർക്ക് തുക കൈമാറിയിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ഗുണ്ടാ ആക്രമണങ്ങൾ</u>

2045 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ട് എന്നും ഇത് എവിടെയെല്ലാമാണെന്നും ആരൊക്കെ കൊല്ലപ്പെട്ടിട്ടുണ്ട് എന്നും വിശദമാക്കാമോ;

(ബി) ആരെല്ലാമാണ് പ്രതികളെന്ന് വിശദമാക്കാമോ;

(സി) ആരൊക്കെ അറസ്റ്റിലായിട്ടുണ്ട് എന്നും ഇനി ആരെയൊക്കെ അറസ്റ്റ് ചെയ്യുവാനുണ്ട് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരൻ വധം- സ്പെഷ്യൽ പ്രോസിക്യൂട്ടർ നിയമനം

2046 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ സ്പെഷ്യൽ പ്രോസിക്യൂട്ടർ അഡ്വ. സി. കെ. ശ്രീധരൻ ഏതെങ്കിലും അഴിമതിക്കേസിൽ പ്രതിചേർക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കേസിൽ എന്ന് വ്യക്തമാക്കുമോ;

(ബി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥനും പ്രസ്തുത അഴിമതി കേസിലെ അന്വേഷണ ഉദ്യോഗസ്ഥനും ഒരാൾ തന്നെയാണോ; എങ്കിൽ ഇത് പ്രസ്തുത അഴിമതി കേസിൽ പ്രതിയെ സഹായിക്കില്ലേയെന്ന് വ്യക്തമാക്കാമോ;

(സി) അഴിമതിക്കേസിൽ പ്രതിസ്ഥാനത്ത് നിൽക്കുന്ന അഭിഭാഷകനിൽ നിന്നും പോലീസ് നിയമോപദേശം തേടുന്നത് ധാർമ്മികമായി ശരിയാണോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മാറാട് കൂട്ടക്കൊലക്കു പിന്നിലെ ഗൂഢാലോചന</u>

2047 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് കൂട്ടക്കൊലയ്ക്കു പിന്നിലെ ഗൂഢാലോചന സംബന്ധിച്ച് കൂടുതൽ ഗൗരവമായ അന്വേഷണം വേണമെന്ന ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>രണ്ടാം മാറാട് കലാപം</u>

2048 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ടാം മാറാട് കലാപത്തിലെ ഗൂഢാലോചന സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു കൊണ്ടാണ് ഇതുവരെ സി. ബി. ഐ. അന്വേഷണം ആവശ്യപ്പെടാതിരിക്കുന്നത് ;

(സി) കോടതി കൂടി നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ സി. ബി. ഐ. അന്വേഷണം നടത്തുന്നതിന് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മറിയക്കുട്ടിവധം</u>

2049 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ കാക്കയം ചാലിൽ മറിയക്കുട്ടിയുടെ വധം സംബന്ധിച്ച അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടിട്ടുണ്ടോ; എങ്കിൽ ഉത്തരവ് ലഭ്യമാക്കുമോ ;

(ബി) അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>അരിയിൽ ഷുക്കൂർ വധക്കേസ്സ്</u>

2050 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അരിയിൽ ഷുക്കൂർ വധക്കേസ്സിൽ ഇതുവരെ എത്രപേരെ അറസ്റ്റ് ചെയ്തു; അവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസ്സിൽ ഇനി ആരെയെങ്കിലും അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ടോ;

(സി) സുരക്ഷ കണക്കിലെടുത്ത് വിചാരണ നടപടികൾ മാറാട് കേസ്സുകൾ കൈകാര്യം ചെയ്ത പ്രത്യേക കോടതിയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>അരീക്കോട് ഇരട്ട കൊലപാതക കേസ് അന്വേഷണം</u>

2051 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരീക്കോട് ഇരട്ട കൊലപാതക കേസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ;

(ബി) എഫ്. ഐ. ആറിൽപ്പെട്ട പ്രതികൾ ആരൊക്കെയാണ്; ഇവരുടെ പേരിൽ ചുമത്തപ്പെട്ട കുറ്റങ്ങൾ എന്തൊക്കെയാണ്;

(സി) എഫ്.ഐ.ആറിൽ പ്രതിയായ ആരെയെങ്കിലും അറസ്റ്റ് ചെയ്യാതിരുന്നിട്ടുണ്ടോ; എഫ്. ഐ. ആറിൽ ആറാം പ്രതിയായ പി. കെ. ബഷീർ, എം.എൽ.എ. കൊലപാതകത്തിന് മുമ്പ് നടത്തിയ പ്രസംഗവും മറ്റ് പ്രതികളുമായി നടത്തിയ ഫോൺ സംഭാഷണങ്ങളും അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>പഴയ കേസുകളിൽ പുനരന്വേഷണം</u>

2052 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഴയ കേസുകളിൽ പുതിയ വെളിപ്പെടുത്തലുകൾ ഉണ്ടായതിനെ തുടർന്ന് പുനരന്വേഷണം നടക്കുന്ന എത്ര കേസുകളുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ കേസിൽ പുതിയ അറസ്റ്റുകൾ നടന്നിട്ടുണ്ട്;

(സി) ഓരോ കേസിന്റേയും അന്വേഷണം ഏത് ഘട്ടംവരെയെത്തി; വിശദമാക്കുമോ;

(ഡി) കെ. സുധാകരൻ എം.പി യെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മുൻ സഹപ്രവർത്തകൻ നടത്തിയ വെളിപ്പെടുത്തലുകൾ എന്തായിരുന്നു; ഇതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും അറസ്റ്റു ചെയ്യുകയും ഉണ്ടായോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

മനോളി കെ. മൊയ്തു ഹാജിയുടെ മരണവുമായി ബന്ധപ്പെട്ട അന്വേഷണം

2053 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നാദാപുരം സ്റ്റേഷൻ പരിധിയിൽ മനോളി കെ.മൊയ്തു ഹാജിയുടെ മരണവുമായി ബന്ധപ്പെട്ട് ആക്ഷൻ കമ്മിറ്റി നൽകിയ പരാതിയിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകക്കേസുകളിലെ അന്വേഷണം</u>

2054 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നാളിതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കൊലപാതകകേസുകളിൽ ഏതെല്ലാം കേസുകളിൽ പ്രത്യേക സംഘം രൂപീകരിച്ച് അന്വേഷണം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കൊലപാതകകേസുകളിൽ ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാനുളള എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

വി. രാജുവിനെ വെട്ടിക്കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം

2055 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മേനംകുളം, പുത്തൻതോപ്പിലെ ഡി.വൈ.എഫ്.ഐ പ്രവർത്തകൻ വി.രാജുവിനെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ അന്വേഷണം പൂർത്തിയായോ;

(ബി) പ്രതികളെ കണ്ടെത്തിയോ; കേസിൽ എത്ര പ്രതികളുണ്ട്; ആരൊക്കെയാണ് പ്രതികൾ; എത്ര പ്രതികൾ ഇതുവരെ അറസ്റ്റിലായിട്ടുണ്ട്;

(സി) പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ;

(ഡി) കൊലപാതകത്തിന് പിന്നിലെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>വധശ്രമക്കേസിലെ പ്രതികൾ</u>

2056 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.പി.ഐ.(എം) കണ്ണൂർ ജില്ലാ സെക്രട്ടറി പി. ജയരാജനേയും റ്റി. വി. രാജേഷ് എം.എൽ.എയേയും അരിയിൽ വച്ച് ലീഗുകാർ വധിക്കാൻ ശ്രമിച്ച കേസിൽ എത്ര പേർ പ്രതികളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേസിൽ ഉൾപ്പെട്ട ബാക്കി പ്രതികളെ അറസ്റ്റ് ചെയ്യാത്തതെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പിടികൂടാൻ സാധിക്കാത്ത പ്രതികളെ പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ച് അവരുടെ സ്വത്ത് കണ്ടുകെട്ടുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ ആശ്രിത നിയമനം</u>

2057 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ സേവനമനുഷ്ടിക്കവേ മരണപ്പെട്ട വേലായുധൻ മുല്ലപ്പുള്ളിയുടെ മകൻ ശ്രീ. ജീമോൻ എം.വി, മുല്ലപ്പള്ളി വീട് എരമംഗലം പി. ഒ. , വെളിയങ്കോട് വില്ലേജ്, മലപ്പുറം എന്ന വ്യക്തിയുടെ 93674/കെ3/10/ഹോം എന്ന ഫയൽ നമ്പറിലുള്ള ആശ്രിത നിയമനത്തിനായുള്ള അപേക്ഷ അനുസരിച്ച് ഇതുവരെയും ജോലി ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് വകുപ്പിലേക്ക് സൂപ്പർന്യൂമെററി തസ്തികയിൽ എൽ.ഡി ക്ലാർക്കായി സി.ഇ.എസ് വ്യവസ്ഥപ്രകാരം ഏതു വർഷം വരെയുള്ള അപേക്ഷകരെയാണ് പരിഗണിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വ്യക്തിയുടെ സീനിയോറിറ്റി നമ്പർ എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത വ്യക്തിയെ ഈ തസ്തികയിലേക്ക് പരിഗണിക്കാതിരിക്കാനുള്ള കാരണമെന്തെന്നും എന്ന് ജോലി ലഭിക്കുമെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിൽ വനിതാ വിജ്ഞാന വ്യാപാര കേന്ദ്രങ്ങൾ</u>

2058 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ വനിതാ വിജ്ഞാനവ്യാപന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എവിടെയെങ്കിലും ഇതിനകം ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ആരംഭിച്ചത്;

(സി) പ്രസ്തുത കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>തൃശൂർ റെയ്ഞ്ചിൽ എ.എസ്.ഐ., ആർ.എസ്.ഐ., എസ്.ഐ. പ്രൊമോഷൻ നടത്താൻ നടപടി</u>

2059 ശ്രീ. കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ റെയ്ഞ്ചിൽ ഒഴികെ മറ്റെല്ലാ റെയ്ഞ്ചുകളിലും റിസർവ്വ് ക്യാമ്പുകളിൽ എ.എസ്.ഐ., ആർ.എസ്.ഐ., എസ്.ഐ. പ്രൊമോഷനുകൾ നടക്കുന്നുണ്ടെങ്കിലും തൃശൂർ റെയ്ഞ്ചിൽ മാത്രം എ.ആർ. ലോക്കൽ ഇന്റഗ്രേഷൻ കൊരണം പ്രൊമോഷൻ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി പ്രൊമോഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) എ.ആർ. ലോക്കൽ ഇന്റഗ്രേഷൻ പൂർണ്ണരൂപത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; ആയത് പ്രാബല്യത്തിൽ ഉണ്ടോ; നിലവിൽ സായുധസേനയിലേക്ക് നേരിട്ടുള്ള നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വോളിബോൾ താരമായ വിഷ്ണു വിനോദിനെതിരെയുള്ള അക്രമം

2060 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 സെപ്തംബറിൽ കാസർഗോഡ് ജില്ലയിലെ നായൻമാർമൂല ടി.ഐ.എച്ച്.എസ്.എസ് സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയും വോളിബോൾ താരവുമായ വിഷ്ണു വിനോദിനെ ആക്രമിച്ച് കൈയ്യും കാലും തല്ലിയൊടിച്ച സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ആരൊക്കെയാണ് പ്രതികൾ; പ്രതികളെ എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

പള്ളി ആരാധനക്കായി തുറക്കാൻ നൽകിയ അപേക്ഷ

2061 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാമ്മലശേരിമോർ മീഖായേൽ യാക്കോബായ സുറിയാനി പള്ളി വികാരിയും ഇടവക അംഗങ്ങളും പള്ളി ആരാധനക്കായി തുറന്നു നൽകാനും കേസുകൾ പിൻവലിക്കാനും നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ആരാധനാ സ്വാതന്ത്ര്യം അനുവദിക്കാനും കേസുകൾ പിൻവലിക്കാനും കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ദേവാലയങ്ങളിലെ മോഷണം</u>

2062 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഹിന്ദു, മുസ്ലീം, കൃസ്ത്യൻ ദേവാലയങ്ങളിൽ മോഷണവും, കവർച്ചയും നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര രൂപയുടെ നഷ്ടം കണക്കാക്കിയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പോലീസ് കംപ്ലയ്ന്റ് അതോറിറ്റി</u>

2063 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നതായുള്ള പോലീസ് കംപ്ലയ്ന്റ് അതോറിറ്റി ചെയർമാന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പോലീസിനെതിരെ അതോറിറ്റിയ്ക്ക് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തേണ്ടതും കോടതിയിൽ പ്രോസിക്യൂഷൻ വാദം നടത്തേണ്ടതും പോലീസ് തന്നെയാണെന്നതിനാൽ അതോറിറ്റിയ്ക്ക് നടപടികൾ ശുപാർശ ചെയ്യാൻ മാത്രമേ സാധിക്കു എന്നത് ഈ സംവിധാനത്തിന്റെ പോരായ്മയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

കുറ്റക്കാരായ പോലീസ് സേനാംഗങ്ങൾക്കെതിരെ നടപടി

2064 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ കുറ്റവാളികൾക്കെതിരെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ നടപടികളുടെ ഭാഗമായി എത്ര പേരെ പിരിച്ചു വിട്ടു; എത്ര പേർ സസ്പെൻഷനിലായി ;

(സി) നടപടികൾക്ക് വിധേയരായവർ ഏതെല്ലാം ഗ്രേഡിലുള്ള പോലീസുകാരാണെന്നും ഓരോ വിഭാഗത്തിലും എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഐ.പി.എസ്. വിഭാഗത്തിലുള്ള എത്ര പേരുടെ പേരിൽ ഇത്തരത്തിലുള്ള നടപടികൾ നടന്നു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കേസുകളിലുൾപ്പെട്ട പോലീസുദ്യോഗസ്ഥർ</u>

2065 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പോലീസുദ്യോഗസ്ഥർ അഴിമതി കേസിൽ കുറ്റവിചാരണ നേരിടുന്നുണ്ട്;

(ബി) എത്ര പോലീസുദ്യോഗസ്ഥർ വകുപ്പുതല അച്ചടക്ക നടപടി നേരിടുന്നുണ്ട്?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ ലഭിച്ച പരാതികൾ</u>

2066 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പോലീസ് കംപ്ലയിന്റ് അതോറിറ്റിയിൽ സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്ര പരാതികൾ വിവിധ നടപടികൾ ശുപാർശ ചെയ്ത് ഗവൺമെന്റിന് ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ശുപാർശകൾ പരിഗണിച്ച് തുടർനടപടി സ്വീകരിച്ച പരാതികൾ എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി പോലീസിങ്</u>

2067 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ കമ്മ്യൂണിറ്റി പോലീസിങ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മുതിർന്ന പൗരന്മാർക്കായുള്ള കരുതൽ പദ്ധതി എന്നാണ് ആരംഭിച്ചത് ;

(ഡി) കമ്മ്യൂണിറ്റി പോലിസ് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സൈന്യത്തിലേക്ക് റിക്രൂട്ട് ചെയ്യുന്നവരുടെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്</u>

2068 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈന്യത്തിലേക്ക് റിക്രൂട്ട് ചെയ്യുന്നവരുടെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വൈകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളെന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>കേരളാ സിവിൽ പോലീസ് കേഡർ</u>

2069

ശ്രീ. കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ലോക്കൽ പോലീസിനെയും ജില്ലാ സായുധ സേനയേയും തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് (ഉത്തരവ് നമ്പർ. 258/2010) കേരളാ സിവിൽ പോലീസ് കേഡർ രൂപീകൃതമായെങ്കിലും സായുധസേനയിലെ ഇൻസ്പെക്ടർ മുതൽ കമാണ്ടന്റ് വരെയുള്ള 84 പേരുടെ ഇന്റഗ്രേഷൻ ഇനിയും പൂർത്തിയായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സമയബന്ധിതമായി എപ്പോൾ പൂർത്തീകരിക്കും എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വ്യവസായ സംരക്ഷണ സേന

2070 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരക്ഷണസേന നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിക്കാമോ ;

(ബി) പ്രസ്തുത സേനയിലേയ്ക്കുള്ള റിക്രൂട്ടിംഗ് എങ്ങനെ യെന്ന് വിശദീകരിക്കാമോ ;

(സി) സംസ്ഥാന വ്യവസായ സംരക്ഷണസേനയുടെ സേവനം ആവശ്യപ്പെടുന്നപക്ഷം സ്വകാര്യമേഖലയിലെ സംരംഭങ്ങൾക്കും ലഭ്യമാക്കുമോ ;

(ഡി) എസ്.ഐ.എസ്.എഫ്-ന്റെ രൂപീകരണത്തിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ</u>

2071

**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ കുറ്റവാളികളും തീവ്രവാദികളും നുഴഞ്ഞുകയറുന്നത് തടയുന്നതിനും, നിരോധിത പുകയില ഉല്പന്നങ്ങളും മയക്കുമരുന്നുകളും വിപണനം ചെയ്യുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇവരുടെ താമസസ്ഥലങ്ങൾ നിരീക്ഷിക്കുന്നതിനും നിയമാനുസൃതമായ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ മാത്രം ഇവരെ താമസിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

അസം തൊഴിലാളികൾ കേരളം വിട്ട സംഭവം

2072 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസമിൽ നിന്നും വന്നിട്ടുള്ള തൊഴിലാളികൾ ആഗസ്റ്റ് മാസത്തിൽ കൂട്ടത്തോടെ കേരളം വിട്ടുപോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് ഏതെങ്കിലും സംഘടനയിൽ നിന്ന് ഭീഷണി ഉണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആരിൽ നിന്നാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മാവോയിസ്റ്റുകളുടെ നുഴഞ്ഞുകയറ്റം</u>

2073 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ അതിർത്തിയിലേയ്ക്ക് മാവോയിസ്റ്റുകൾ നുഴഞ്ഞുകയറിയതായി തമിഴ്നാട് പോലീസ് റിപ്പോർട്ട് നൽകിയിരുന്നോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത റിപ്പോർട്ട് ലഭിച്ചത് ;

(സി) ഇതേ തുടർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വിവിധ കേസ്സുകളിൽ പിടികൂടാനുള്ള പ്രതികൾ

2074 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കളവ്, ഭവനഭേദനം, കവർച്ച, സ്ത്രീ പീഡനം എന്നീ വിഭാഗങ്ങളിൽ എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഓരോ വിഭാഗം കേസുകളിലും ഇനി എത്ര പ്രതികളെ വീതം പിടികൂടാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം</u>

2075 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം, നൂറനാട് മാവേലിക്കര, കുറത്തികാട് പോലീസ് സ്റ്റേഷനുകളിൽ 2012 ൽ സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(ബി) എല്ലാ കേസുകളിലും കുറ്റവാളികളെ പിടികൂടിയോ;

(സി) മാവേലിക്കര സി.ഐ. ആഫീസ് പരിധിയിൽപ്പെടുന്ന പോലീസ് സ്റ്റേഷനുകളിലെ ചില ഉദ്യോഗസ്ഥർ മണ്ണ്, മണൽ മാഫിയ്ക്ക് സഹായം ചെയ്തുകൊടുക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവരെ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>രാഷ്ടീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും</u>

2076 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ സംഘട്ടനങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും നടന്നിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സംഘട്ടനങ്ങളുടേയും കൊലപാതകങ്ങളുടേയും രാഷ്ട്രീയബന്ധം ഏതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടന്നിട്ടുള്ള രാഷ്ട്രീയ സംഘട്ടനങ്ങളിലും രാഷ്ട്രീയ കൊലപാതകങ്ങളിലും പ്രതികളെ അറസ്റ്റു ചെയ്യാത്തതായി എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോഷണം, കവർച്ച കേസുകൾ</u>

2077 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര പിടിച്ചുപറി, മോഷണം, കവർച്ച കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര ആരാധനാലയങ്ങളിൽ മോഷണവും കവർച്ചയും നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര ഭവനഭേദന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര വീടുകളിൽ മോഷണവും, കവർച്ചയും നടന്നിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) വീടുകളിൽ മോഷണം/കവർച്ച ശ്രമത്തിനിടയിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സത്നാം സിംഗിന്റെ മരണം</u>

2078 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കാവിലെ അമൃതാനന്ദമയി മഠത്തിൽ നിന്നും പോലീസ് കസ്റ്റഡിയിലെടുത്ത സത്നാം സിംഗിന് അമൃതാനന്ദമയി മഠം, പോലീസ് ലോക്കപ്പ്, ജയിൽ, മാനസിക ആശുപത്രി എന്നിവിടങ്ങളിൽ ഏതെല്ലാം സ്ഥലത്ത് വച്ച് പീഡനങ്ങൾ നേരിടേണ്ടിവന്നു എന്ന് വ്യക്തമാക്കാമോ;

(ബി) മനോരോഗിയായ സത്നാം സിഗിനെ ആശുപത്രിയിൽ പ്രവേശിപ്പിക്കാതെ വധശ്രമക്കേസെടുത്ത് ജയിലിൽ അടക്കാനിടയായ സാഹചര്യവും, അന്നത്തെ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഇടപെടലുകളും സംബന്ധിച്ച് അന്വേഷണ സംഘം അന്വേഷിക്കുകയുണ്ടായോ;

(സി) ആഭ്യന്തര വകുപ്പ് മന്ത്രി അന്നേ ദിവസം മഠം സന്ദർശിച്ചതിന് ശേഷം പോലീസിന് നല്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു എന്ന് അന്വേഷണ സംഘം അന്വേഷിക്കുകയുണ്ടായോ;

(ഡി) മനോരോഗിയായ സത്നാം സിംഗിനെ മഠത്തിൽ നിന്നും കസ്റ്റഡിയിൽ എടുത്ത പോലീസ് അന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കാതിരുന്നത് എന്ത് കൊണ്ടാണെന്ന് അന്വേഷണ സംഘം അന്വേഷിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കോടതിയിൽ നിന്നും പിൻവലിച്ച കേസ്സുകൾ</u>

2079 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ കോടതിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസ്സുകൾ ഏതെല്ലാമെന്നും അവയിൽ ഉൾപ്പെട്ട പ്രതികളുടെ വിശദാംശങ്ങളും നൽകാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കള്ളനോട്ട് കേസുകൾ</u>

2080 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളനോട്ട് കേസുകൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കള്ളനോട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; പ്രതികളുടെ പേരും മറ്റ് വിവരങ്ങളും രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ വിശദാംശവും വ്യക്തമാക്കാമോ;

(സി) പ്രതികളായി പിടിക്കപ്പെട്ടവർക്ക് തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടോ എന്നത് സംസ്ഥാന പോലീസ് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

**കേരള നിയമസഭ**
**17.12.2012-ലെ മറുപടിക്ക്**

<u>സി. ബി. ഐ. അന്വേഷണത്തിന് ഉത്തരവിട്ട കേസ്സുകള്‍</u>

2081 ശ്രീ. പി. കെ. ഗുരുദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം സി. ബി. ഐ. അന്വേഷണത്തിന് വിട്ട കേസ്സുകള്‍ ഏതൊക്കെയാണെന്നും ഇവ സംബന്ധിച്ച് നോട്ടിഫിക്കേഷന്‍ കേന്ദ്ര സര്‍ക്കാരിന് അയച്ചുകൊടുത്തിട്ടുളള തീയതികള്‍ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നോട്ടിഫിക്കേഷനുകളുടെ ഓരോ പകര്‍പ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ കണക്ക്</u>

2082 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രപേർ വാഹനാപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ട് ;

(ബി) ഇതിൽ ബൈക്ക് അപകടങ്ങളിൽ മാത്രം എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ;

(സി) വാഹനങ്ങളുടെ അമിത വേഗതയും ട്രാഫിക് നിയമലംഘനവും കർശനമായി നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ</u>

2083 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ് ടൗൺ, വിദ്യാനഗർ, ബദിയടുക്ക, ആതൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ കസ്റ്റഡിയിലെടുത്ത ഇരുചക്രവാഹനങ്ങളടക്കമുള്ള എത്ര വാഹനങ്ങൾ സ്റ്റേഷനിൽ നിലവിലുണ്ട്;

(ബി) പ്രസ്തുത വാഹനങ്ങളുടെ ഇനം, എണ്ണം, കസ്റ്റഡിയിലെടുത്തതിനുള്ള കാരണം, തീയതി, സ്റ്റേഷന്റെ പേര് എന്നിവയുടെ പട്ടിക തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) ടി വാഹനങ്ങൾ കസ്റ്റഡിയിലെടുത്ത ശേഷം എടുത്ത തുടർനടപടി എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

## സൈബർ പോലീസ് സ്റ്റേഷനുകൾ

2084 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് ഇതിനകം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര കേസ്സുകൾ കോടതിയിലെത്തിയിട്ടുണ്ട് ; എത്ര കേസ്സുകളിൽ വിധിയായിട്ടുണ്ട് ; എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) സൈബർ കുറ്റകൃത്യങ്ങളിൽ 18 വയസ്സിൽ താഴെയുള്ള കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ടോ ; അത്തരത്തിലുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ഡി) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് കുട്ടികളെയും സ്ത്രീകളെയും ബോധവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

പൊന്നാനി സർക്കിൾ ഓഫീസ് പരിധിയിലെ മണൽ കടത്തു കേസുകൾ

2085 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി സർക്കിൾ ഓഫീസിന്റെ പരിധിയിൽ 2011–12 സാമ്പത്തിക വർഷത്തിലും, 12–13 സാമ്പത്തിക വർഷത്തിൽ നാളിതുവരെയും എത്ര അനധികൃത മണൽ കടത്തു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവ സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഉപ്പുമണൽ കഴുകി വിൽക്കുന്ന കേന്ദ്രങ്ങൾക്കെതിരെ നടപടി എടുത്തിട്ടുണ്ടോ;

(ഡി) ഇത്തരം കേന്ദ്രങ്ങൾക്കെതിരെ ജനങ്ങൾ പരാതികൊടുത്താൽ പൊന്നാനി പോലീസ് വേണ്ടത്ര നടപടി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

രാഷ്ട്രീയ കൊലക്കേസ്സിൽ പ്രതിചേർക്കപ്പെട്ടവരുടെ പേരുവിവരം

2086 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നാളിതുവരെ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കൊലചെയ്യപ്പെട്ട ഓരോ ആളുടെ പേരും അവരുടെ രാഷ്ട്രീയ കക്ഷി ബന്ധവും വെളിപ്പെടുത്താമോ;

(സി) ഓരോ കൊലക്കേസിലും പ്രതിചേർക്കപ്പെട്ടവരുടെ പേരും അവരുടെ രാഷ്ട്രീയ കക്ഷി ബന്ധവും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത ഗുണ്ടാ ആക്രമണ കേസ്സുകൾ</u>

2087 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ഗുണ്ടാ ആക്രമണകേസ്സുകൾ രജിസ്റ്റർ ചെയ്തെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ബി) ഈ ഗുണ്ടാ ആക്രമണങ്ങളിൽ ആകെ എത്രപേർ മരണപ്പെട്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ കവർച്ച സംബന്ധിച്ച വെളിപ്പെടുത്തൽ

2088 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ബാങ്കുകളും, ധനകാര്യസ്ഥാപനങ്ങളും കൊള്ളയടിക്കപ്പെടുകയും, കവർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിലൂടെ എത്ര രൂപയുടെ നഷ്ടം സംഭവിച്ചെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

മണൽ മാഫിയ, ബ്ലേഡ് മാഫിയ, കൊട്ടേഷൻ സംഘം, സദാചാര പോലീസ് എന്നിവരുടെ ആക്രമണത്തിന് വിധേയമായി കൊല്ലപ്പെട്ടവർ

2089 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം മണൽ മാഫിയ, ബ്ലേഡ് മാഫിയ, ക്വട്ടേഷൻ സംഘം, സദാചാര പോലീസ് എന്നിവരുടെ ആക്രമണത്തിന് വിധേയരായി എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട് ; എത്ര പേരുടെ വീട്, തൊഴിൽ സ്ഥാപനങ്ങൾ, ജീവനോപാധികൾ എന്നിവ നശിപ്പിക്കപ്പെട്ടിട്ടുണ്ട് ; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇത്തരം ആക്രമണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ കോടതി ശിക്ഷിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇത്തരം കേസ്സുകളിൽ എത്ര പോലീസുകാർ ഉൾപ്പെട്ടിട്ടുണ്ട് ; എത്രപേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; എത്ര പേർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം</u>

2090

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയും താലൂക്ക് സ്റ്റേഷനുകളിലേയും സാങ്ഷൻഡ് സ്ട്രെങ്ത് എത്ര; സ്റ്റേഷനുകളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരെ ഓർഡർലി ജോലികൾക്ക് നിയോഗിക്കാറുണ്ടോ; എങ്കിൽ എത്ര പേരെ ഇപ്രകാരം നിയോഗിക്കാറുണ്ട്;

(ബി) പോലീസുകാരുടെ ഡ്യൂട്ടി സമയം എട്ടു മണിക്കൂറാക്കി ക്ലിപ്തപ്പെടുത്തി എത്ര സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ സാങ്ഷൻഡ് സ്ട്രെങ്ത് എത്ര; എത്ര ഒഴിവുകൾ നിലവിലുണ്ട്; സബ് ഇൻസ്പെക്ടർ തസ്തികയിൽ വനിതകളെ നേരിട്ട് നിയമിക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യബന്ധന തൊഴിലാളികൾക്ക് അപകട സമയത്ത് സഹായം എത്തിക്കുന്നതിനായി എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകളിലും ആധുനിക സംവിധാനങ്ങളുള്ള ബോട്ടുകൾ അനുവദിച്ചിട്ടുണ്ടോ; കടൽവഴിയുള്ള ആക്രമണങ്ങൾ തടയുന്നതിനായി ആധുനിക നിരീക്ഷണ യന്ത്ര സൗകര്യങ്ങളും മെച്ചപ്പെട്ട പരിശീലനവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ഡെപ്യൂട്ടി സൂപ്രണ്ടന്റ് ഓഫ് പോലീസ് ഓഫീസ്</u>

2091 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിന് ഓഫീസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) ഭൂപ്രദേശത്തിന്റെ പ്രത്യേകതയും അന്തർദേശീയ വിമാനത്താവളത്തിന്റെ സാന്നിദ്ധ്യവും അങ്കമാലി, കാലടി, നെടുമ്പാശ്ശേരി തുടങ്ങിയ സർക്കിൾ ഓഫീസുകളുടെ പരിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന കേസുകളുടെ ബാഹുല്യവും കണക്കിലെടുത്ത് അങ്കമാലിയിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) നിർദ്ദിഷ്ട അതിർത്തിക്കുള്ളിൽ കുറഞ്ഞ പ്രാധാന്യവും കേസുകളുടെ ബാഹുല്യവുമുള്ള എവിടെയെങ്കിലും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് അനുവദിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എവിടെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ട്രാഫിക് പോലീസ് സ്റ്റേഷനുകളുടെ എണ്ണം</u>

2092 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ട്രാഫിക് പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്; അപകടങ്ങളുടെ വർധനവും വാഹന ഗതാഗത പെരുപ്പവും പരിഗണിച്ച് കൂടുതൽ ട്രാഫിക് പോലീസ് സ്റ്റേഷനുകളും കൂടുതൽ പോലീസ് കോൺസ്റ്റബിൾമാരേയും സജ്ജ്മാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2093 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പെരിങ്ങോട്ടുകരയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച പുതിയ പോലീസ് സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണം എന്നു മുതലാണ് ആരംഭിക്കുന്നത്; നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകള്‍</u>

2094 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം റൂറല്‍ ജില്ലയില്‍ സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകളും സര്‍ക്കിള്‍ ആഫീസുകളും ഏതെല്ലാമാണ്;

(ബി) എഴുകോണ്‍ പോലീസ് സ്റ്റേഷനും സര്‍ക്കിള്‍ ആഫീസിനും സ്വന്തം കെട്ടിടം നിര്‍മ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സൈബർ പോലീസ് സ്റ്റേഷൻ തുടങ്ങാൻ നടപടി</u>

2095 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം- കാക്കനാട് ഇൻഫോപാർക്കിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ തുടങ്ങുന്നത് സംബന്ധിച്ച് പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച നിർദ്ദേശത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ട്രാഫിക് യൂണിറ്റ് പോലീസ് സ്റ്റേഷനായി ഉയർത്താൻ നടപടി

2096 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ട്രാഫിക് യൂണിറ്റ് പോലീസ് സ്റ്റേഷനായി ഉയർത്തിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് ;

(ബി) ഇതിന്റെ പ്രവർത്തനം പുതിയ സ്റ്റേഷൻ മാതൃകയിലായിട്ടുണ്ടോ;

(സി) എങ്കിൽ അവിടെയുള്ള പോലീസ്കാരുടെ എണ്ണവും അവരുടെ തസ്തികകളും പട്ടികതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തമാരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് യുവാക്കൾ ആക്രമിക്കപ്പെട്ട സംഭവം</u>

2097 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 നവംബറിൽ കാസറഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മധൂർ പഞ്ചായത്തിലെ കാളിയംകാടും, കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ കോട്ടക്കണ്ണിയിലും നിരപരാധികളായ രണ്ട് യുവാക്കൾ മാരകമായി ആക്രമിക്കപ്പെടുകയും ശസ്ത്രക്രിയയ്ക്ക് വിധേയമാക്കപ്പെടുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ എന്ന്, എത്രപേർക്കെതിരെ, ഏതെല്ലാം വകുപ്പുകൾപ്രകാരമാണ് കേസെടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) പ്രതികളിൽ എത്രപേരെ പിടികൂടിയിട്ടുണ്ട്; ഇനിയും എത്രപേരെ പിടികൂടാനായി ബാക്കിയുണ്ട്;

(ഡി) പ്രതിയെ പിടികൂടിയിട്ടില്ലെങ്കിൽ അതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കല്ലമ്പലം പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം</u>

2098 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലമ്പലം പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണം എന്നേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായിട്ടുള്ള കരാർ തുക എത്രയാണ്; ഇതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>മലപ്പുറം പോലീസ് സ്റ്റേഷന്റെ പരിധി</u>

2099 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഉമ്മത്തൂർ, പരുവമണ്ണ, പെരിങ്ങോട്ടുപുലം, മുണ്ടക്കോട് പ്രദേശങ്ങൾ മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടിൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ :

(സി) ഈ പ്രദേശങ്ങളെ മലപ്പുറം സ്റ്റേഷൻ പരിധിയിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ചേങ്ങോട്ട് കാവിൽ പുതിയ പോലീസ് സ്റ്റേഷൻ</u>

2100 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ചെങ്ങോട്ട് കാവിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ലഭിച്ചിട്ടുള്ള പ്രപ്പോസൽ പരിഗണിച്ചിട്ടുണ്ടോ ;

(ബി) ചെങ്ങോട്ട് കാവിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

നൂറനാട് കലുങ്ക് നശീകരണവും കുറത്തിക്കാട് പോലീസ് സ്റ്റേഷൻ നിർമ്മാണവും

2101 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നൂറനാട്ടിലെ തണ്ടാനുവിള സ്കൂളിന് സമീപം കലുങ്ക് നശിപ്പിച്ചവർക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ; പൊതുമരാമത്ത് വകുപ്പിന്റെ പരാതി ഇക്കാര്യത്തിൽ ലഭ്യമായിട്ടുണ്ടോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മുതലമട പഞ്ചായത്തിൽ പ്രത്യേക പോലീസ് ടീം</u>

2102 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നടന്ന കൊലപാതകങ്ങളും ബൈറൂട്ടുകളിലൂടെ നടത്തുന്ന കളളക്കടത്തും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുളളത്;വിശദാംശം ലഭ്യമാക്കുമോ;

(സി) മുതലമട പഞ്ചായത്തിൽ ഒരു പോലീസ് ടീമിനെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൂമി പതിച്ചു നൽകിയെന്ന പരാതി</u>

2103 ഡോ. ടി. എം തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൂമി സ്വകാര്യസ്ഥാപനങ്ങൾക്ക് പതിച്ച് നൽകിയെന്ന പരാതിയിൽ മുസ്ലീം ലീഗ് അദ്ധ്യക്ഷനും ലീഗ് മന്ത്രിമാർക്കും സർവ്വകലാശാലാ അധികൃതർക്കുമെതിരെ തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവിട്ട അന്വേഷണം ആരംഭിച്ചോ; ?

(ബി) എങ്കിൽ എന്നാണാരംഭിച്ചത് ;

(സി) അന്വേഷണത്തിന് സമയപരിധി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര നാൾ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി വനഭൂമി കയ്യേറ്റം</u>

2104 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി വനഭൂമിയാക്കുന്നതിന് വനം മന്ത്രിയും എം. എൽ. എ. മാരും തമിഴ്നാട് സർക്കാരിൽ നിന്ന് അനധികൃതമായി പണം പറ്റിയെന്ന ചീഫ് വിപ്പ് പി. സി. ജോർജിന്റെ വെളിപ്പെടുത്തലിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ വെളിപ്പെടുത്താമോ;

(സി) അന്വേഷിച്ചില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ചീഫ് വിപ്പിന്റെ വെളിപ്പെടുത്തൽ ശരിയല്ലാത്ത പക്ഷം വനം വകുപ്പ് മന്ത്രിയേയും എം. എൽ. എ. മാരേയും ആക്ഷേപിച്ചതിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ഭൂമിക്കുവേണ്ടി സമരം നടത്തിയ ആദിവാസികൾ</u>

2105

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭൂമിക്കുവേണ്ടി സമരം നടത്തിയ എത്ര ആദിവാസികളെ അറസ്റ്റു ചെയ്തു;

(ബി) എത്ര ആദിവാസികളെ ജയിലുകളിൽ അടച്ചു; ഇതിൽ സ്ത്രീകൾ, കുട്ടികൾ എന്നിവർ എത്ര; ഇപ്പോഴും ജയിലുകളിൽ കഴിയുന്ന ആദിവാസികൾ എത്ര;

(സി) ജയിലിലടച്ച ആദിവാസികളുടെ കുട്ടികൾക്ക് എന്തെങ്കിലും സഹായം എത്തിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ക്രൈംബ്രാഞ്ചിന്റെ ഭൂമി ബസ് സ്റ്റാന്റ് വിപുലീകരണത്തിനായി കിട്ടാൻ നടപടി</u>

2106 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ക്രൈംബ്രാഞ്ചിന്റെ അധീനതയിലുള്ള ഭൂമി കമ്പളക്കാട് ബസ് സ്റ്റാന്റ് വിപുലീകരികരണത്തിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വിവിധ വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭൂമി ബസ് സ്റ്റാൻഡ് വിപുലീകരണത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ വനഭൂമി</u>

2107 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ വനഭൂമി വ്യാജ രേഖകൾ ഉണ്ടാക്കി പണയപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർ ആരൊക്കെയാണ്; ഏതെല്ലാം ബാങ്കുകളിൽ നിന്ന് എത്ര തുക വീതം വായ്പ എടുത്തിട്ടുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ക്രൈം നമ്പറുകളിൽ; ഏതെല്ലാം തീയതികളിൽ;

(സി) ഈ കേസുകൾ ക്രൈം ബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് വനം വകുപ്പിൽ നിന്നും ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഡി) ഇപ്പോൾ അന്വേഷണം നടത്തുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസി ആണ് അന്വേഷണം നടത്തുന്നത്; അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്താമോ; എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഇനിയും അറസ്റ്റ് ചെയ്യപ്പെടേണ്ടവർ എത്രയെന്നും ആരൊക്കെയെന്നും വെളിപ്പെടുത്തുമോ;

(ഇ) പ്രതികളെ അറസ്റ്റ് ചെയ്യുന്നതിൽ നിന്നും സർക്കാരിനെ പിന്തിരിപ്പിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പോലീസ് അസോസിയേഷൻ സമ്മേളനം</u>

2108 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് അസോസിയേഷൻ ഇടുക്കി ജില്ലാ സമ്മേളനവുമായി ബന്ധപ്പെട്ട് പോലീസുകാർ ബഹു. ആഭ്യന്തര വകുപ്പുമന്ത്രിക്ക് നേരിട്ട് പരാതി നൽകിയിട്ടുണ്ടോ;

(ബി) ആഭ്യന്തരമന്ത്രിക്ക് പോലീസ് ഉദ്യോഗസ്ഥർ നേരിട്ട് പരാതി നൽകുന്നത് ചട്ടവിരുദ്ധമല്ലേ; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് ആർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പോലീസ് ക്യാന്റീന്‍</u>

2109 ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര ഗവണ്‍മെന്റ് സഹായത്തോടുകൂടിയ പോലീസ് ക്യാന്റീന്‍ മറ്റ് ഫോഴ്സുകളായ ഫോറസ്റ്റ്, ഫയര്‍ഫോഴ്സ്, എക്സൈസ് തുടങ്ങിയ വിഭാഗങ്ങള്‍ക്കു കൂടി ഉപയുക്തമാക്കുമോ;

(ബി) ഇത് പ്രായോഗികമാക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണസംഘം ഭരണസമിതി

2110 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണ സംഘം ഭരണസമിതിയുടെ കാലാവധി പൂര്‍ത്തിയാക്കുന്നതിന് മുന്‍പ് ഭരണസമിതി പിരിച്ചുവിട്ടു എന്ന ആക്ഷേപം ശരിയാണോ;

(ബി) ഈ ഭരണസമിതിയുടെ കാലാവധി എന്നുവരെ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുണ്ടായിരുന്ന ഭരണസമിതി ജനാധിപത്യ രീതിയില്‍ തെരഞ്ഞെടുക്കപ്പെട്ടതായിരുന്നുവോ;

(ഡി) സംഘത്തിനെതിരെ എന്തെങ്കിലും ആക്ഷേപങ്ങള്‍ ലഭിച്ചിരുന്നുവോ;

(ഇ) എങ്കില്‍ പ്രസ്തുത ആക്ഷേപങ്ങള്‍ സംഘത്തിന്റെ ശ്രദ്ധയില്‍പ്പെടുത്തുകയും മറുപടി ലഭ്യമാക്കുകയും ചെയ്തിരുന്നുവോ;

(എഫ്) ഏതെങ്കിലും മറുപടി തൃപ്തികരമല്ലാത്തതായി ഉണ്ടായിരുന്നുവെങ്കില്‍ ഏതെന്ന് വ്യക്തമാക്കുമോ;

(ജി) സംഘം ഭരണസമിതി പിരിച്ചുവിട്ടതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ</u>

2111 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിജിലൻസ് അന്വേഷണം നേരിടുന്ന എത്ര പോലീസ് ഉദ്യോഗസ്ഥർ സർവ്വീസിലുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ക്രിമിനൽ കേസുകൾ</u>

2112

ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ നിന്നു രക്ഷപ്പെടുവാൻ ഉദ്യോഗസ്ഥരായ എതിർകക്ഷികളെ ക്രിമിനൽ കേസിൽപ്പെടുത്തുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസെടുക്കുവാനുള്ള നടപടിക്രമങ്ങൾ കർശനമാക്കുന്നതിനുള്ള നിയമഭേദഗതി പരിഗണിക്കുമോ;

(സി) ജീവനക്കാരെ ക്രിമിനൽ കേസിൽ പെടുത്തുന്നതിന് ബോധപൂർവ്വമായി ശ്രമിക്കുന്നവർക്കെതിരെ കർശന ശിക്ഷ ഏർപ്പെടുത്തുന്നതിന് നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മണൽ മാഫിയകളുമായി ബന്ധമുള്ള ഉദ്യോഗസ്ഥന്മാർ</u>

2113 ശ്രീ. കെ. കെ. നാരായണൻ
,, ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽ മാഫിയകളുമായി ബന്ധമുള്ള ഉദ്യോഗസ്ഥന്മാരുടെ പട്ടിക ഇന്റലിജൻസ് വിഭാഗം തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉദ്യോഗസ്ഥന്മാരുടെ പട്ടികയോടൊപ്പം മണൽമാഫിയയെ സംരക്ഷിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ പ്രവർത്തകരുടെ ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത ലിസ്റ്റുകളിൽപ്പെട്ടവർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

(ഡി) മണൽമാഫിയകളെ സംരക്ഷിക്കാൻ പോലീസ് സ്റ്റേഷനിൽ ചെന്ന് പോലീസിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തെ കണ്ണൂർ എം.പി. കെ. സുധാകരൻ തടസ്സപ്പെടുത്തുകയുണ്ടായോ ; എങ്കിൽ അദ്ദേഹത്തിനെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ക്രിമിനൽ കേസിൽ പ്രതികളായ പോലീസുകാർ</u>

2114 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസ്സുകളിൽ പ്രതികളാക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരിൽ പത്തനംതിട്ട ജില്ലയിൽ ജോലി ചെയ്തു വന്നവരുടെ ലിസ്റ്റ് തസ്തിക സഹിതം ലഭ്യമാക്കുമോ ;

(ബി) അവയിൽ എത്ര കേസ് കോടതിയുടെ പരിഗണനയിലെത്തിയെന്നും എത്ര പേർ ശിക്ഷിക്കപ്പെട്ടുവെന്നും ഉള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

കൈക്കൂലി വാങ്ങിയതിന് പോലീസുദ്യോഗസ്ഥർക്കെതിരെ അന്വേഷണം

2115 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് കേസിൽ പിടിയിലായ പ്രവാസികളിൽ നിന്നും വൻതുക കൈക്കൂലി വാങ്ങിയെന്ന കേസിൽ മലപ്പുറം ക്രൈംഡിറ്റാച്ച്മെന്റ് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കേസിൽ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്കെതിരെ സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടി</u>

2116 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ രാജപുരം എസ്. ഐ യെ രാത്രി സംശയകരമായ സാഹചര്യത്തിൽ തെരുക്കടപ്പുറം പ്രിയദർശിനി കോളനിയിലെ വീട്ടിൽ നിന്നും പിടികൂടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുളളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ മറ്റെന്തെങ്കിലും കേസ്സ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>അതീവ സുരക്ഷാ ജയിൽ പദ്ധതി</u>

2117

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രലൈസ്ഡ് ലോക്കിംഗ് സമ്പ്രദായവും സെല്ലുകൾക്ക് പ്രത്യേക നിരീക്ഷണവും വീഡിയോ കോൺഫറൻസും പെയ്സ് മുറികളും അടങ്ങുന്ന അതീവ സുരക്ഷാ ജയിൽ പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജയിലുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) കണ്ണൂർ സെൻട്രൽ ജയിലിൽ ഇപ്പോൾ ഇത്തരം സൗകര്യങ്ങൾ ലഭ്യമാണോ; അല്ലെങ്കിൽ അതീവ സുരക്ഷാ ജയിൽ പദ്ധതിയിൽ കണ്ണൂർ സെൻട്രൽ ജയിലിനെക്കൂടി പരിഗണിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വെള്ളത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് നടപടി</u>

2118 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് അഗ്നിശമനസേനയ്ക്ക് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വിമ്മിംങ്ങ് സ്യൂട്ടും ഡൈവിങ്ങ് സ്യൂട്ടും സേനയുടെ യൂണിഫോമിൽ ഉൾപ്പടുത്തിയിട്ടുണ്ടോ;

(സി) നീന്തൽ പരിശീലനവും മുങ്ങൽവൈദഗ്ധ്യം നേടുന്നതിനുള്ള പരിശീലനവും സേനയുടെ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇവ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>അഗ്നിശമന സേനയുടെ നവീകരണം</u>

2119 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും പുതുതായി എന്തെല്ലാം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുളള നടപടി ഏതുവരെയായി;

(സി) കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുളള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പഴയങ്ങാടിയിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ</u>

2120 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ ഫയർ& റെസ്ക്യു സ്റ്റേഷനില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 08.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.